# ഉപരോധം - എട്ട്

## സി.വി. ബാലകൃഷ്ണൻ



ഉപരോധം - എട്ട്

സി.വി. ബാലകൃഷ്ണൻ

(മലയാളം: നോവൽ - ഭാഗികം)

© 2021 Author

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020. The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: Uparodham, cover design of Uparodham Novel by Vijayan. The image is taken from Sayahna Publications and is gratefully acknowledged.

# ഉപരോധം-എട്ട്

(സി.വി.ബാലകൃഷ്ണന്റെ 'ഉപരോധം' എന്ന നോവലിന്റെ എട്ടാം അദ്ധ്യായം.)

കോടിലോൻ പെങ്ങളുടെ നേർക്ക് മുഖമുയർത്തി.

പാട്ടിയമ്മ പുടവയുടെ കോന്തലയെടുത്ത് കണ്ണുതുടച്ചു.

കോടിലോന്റെ മുഖത്ത് താടിയും മീശയും വളർന്നിരുന്നു.

മനസ്സിൽ സങ്കടങ്ങൾ വിങ്ങി.

പാട്ടിയമ്മ ഒന്നും ചോദിച്ചില്ല. അകത്തേയ്ക്കുപോയി കിണ്ണത്തിൽ കഞ്ഞി വിളമ്പി.

കോടിലോൻ കഞ്ഞി കുടിക്കാനിരുന്നു. ഒരു പിടി വാരിയപ്പോൾതന്നെ വേണ്ടെന്നുതോന്നി.

പാട്ടിയമ്മ പറഞ്ഞു:

"കുടിക്ക്, നല്ല ക്ഷീണമുണ്ട് മുഖത്ത്."

കോടിലോൻ ഒന്നും പറയാതെ കഞ്ഞികുടിച്ചു.

പിന്നെ ഇറയത്ത് മലർന്നുകിടന്ന് പറഞ്ഞു.

“അവര് ആശ്വത്രീല് കൊണ്ടുപോയിറ്റ് രാമന്റെ ഞരമ്പ് മുറിച്ചുകളഞ്ഞ് മൊടന്തനാക്കി.”

ആ വിവരം പാട്ടിയമ്മയ്ക്കുമാത്രമല്ല, കൂറ്റരിലെ മിക്കവർക്കും നടുക്കം പകരുന്നതായിരുന്നു. കൂരകൾക്കുള്ളിൽനിന്ന് ചുഴികൾപോലെ തേങ്ങലുകളുയർന്നു.

ഉച്ചാലമ്മ കരയുന്നതു കണ്ടപ്പോൾ തമ്പാൻ ചോദിച്ചു:

“എന്തിന്യാ മൂത്തശ്ശ്യേ, കരയ്ന്നത്?

അവർ തമ്പാനെ ചേർത്തുപിടിച്ചു.

“നമ്മടെ കുറുപ്പച്ചനെ മൊടന്തനാക്കീലെ അപ്യ.”
“ഉച്ചാലമ്മ എങ്ങലടിച്ചു. അതുകണ്ട് അവന്റെയും മനസ്സലിഞ്ഞു.

കുവപ്പകുന്നിന്റെ ചോട്ടിലിരുന്ന് ചീരുട്ടി കണ്ണുനീർ വാർത്തു.

കണ്ണമ്പാടിയിലൂടെ കണ്ണുനീരൊഴുകി.

ആകാശച്ചെരുവുകളിൽ ദുഃഖച്ഛവി കലർന്നു. മരങ്ങൾ വിറങ്ങലിച്ചു നിന്നു. കാറ്റുപോലും വീർപ്പടക്കിപ്പിടിച്ചു.

പാറക്കടവിലേയ്ക്ക് നോക്കിനിന്ന് കൊല്ലത്തി ചീയേയി തേങ്ങി. മുന്നായം കുണ്ടിൽ കണ്ണുകൾ ഉടക്കി. അതിന്റെ ആഴത്തിൽനിന്ന് ഒരു കാറ്റ് വീശിപ്പടരുന്നമാതിരി തോന്നി.

⋆ ⋆ ⋆

നെല്ല്യാട്ട് വയലിൽ പുഞ്ചവിതയ്ക്കുകയാണ്. കോടിലോനും

മരുമകൻ കണ്ണനും ചേർന്നാണ് വയൽ പൂട്ടുന്നത്. പോത്തുകൾ ചെളിക്കണ്ടത്തിലൂടെ നടന്നുനീങ്ങി. ചെന്നെല്ലിന്റെ വിത്തുകൾ മണ്ണിൽ പുതഞ്ഞു. കാക്കകൾ താണു പറന്നു. തോട്ടിറമ്പിലെ കാട്ടെരിക്കുകൾ വൃശ്ചികക്കാറ്റിൽ ഉലഞ്ഞു.

തോടുകടന്ന് കാരള കോരൻ വയലിലേയ്ക്ക് നടന്നു. കോടിലോൻ പൂട്ടിക്കൊണ്ടിരുന്ന പാടത്തിന്റെ വരമ്പത്തു കയറിനിന്ന് കോരൻ ചോദിച്ചു:

“നിങ്ങളോടാരാ ഇത് പൂട്ടാൻ പറഞ്ഞത്?”

കൊടിലോൻ പോത്തുകളെ പിടിച്ചുനിർത്തി. കണ്ണന്റെ പോത്തുകളും നിന്നു.

“എന്താടാ പറഞ്ഞത്?” കോടിലോൻ ചോദിച്ചു.

“ഇത് നായനാര് എന്റെ പേരില് എഴുതിത്തന്നതാ. നിങ്ങക്ക് ഇതില് അവകാശമില്ല.”

അതിനു മറുപടിയായി കോടിലോൻ മുടിങ്കോൽ നീട്ടിപ്പിടിച്ചുകൊണ്ട് കോരന്റെ നേർക്കോടി. കോരൻ അവിടെ നിന്നില്ല. പറ്റുന്നത്ര വേഗത്തിൽ ചലിച്ച് മഠത്തിലെത്തി. നായനാരെ വിവരം ധരിപ്പിച്ചു.

നായനാർ പറഞ്ഞു:

“അഞ്ചാറ് വാലിയക്കാരേംകൂട്ടി നീ പോയി മേൽവിത്തിട്.”

നായനാർ പറഞ്ഞ പ്രകാരം കോരൻ ആളുകളെ വിളിച്ചുചേർത്തു. കാനത്തുമ്പൊയില് ശങ്കരൻ, തോട്ടത്തിൽ കുഞ്ഞപ്പു. ഉറുവാടന്റെ രാമൻ, കുവ കൊട്ടൻ- ഇവർക്കു പുറമെ പാടത്തുനിന്ന് കരിമ്പൻ പുലയനേയും വെള്ളിപ്പുലയനേയും ഒപ്പം കൂട്ടി. കാരസ്ഥൻമാരായ

പുല്ലായിക്കൊടി കോരൻ നമ്പ്യാരും പനയന്തട്ട് രാമൻ നായരും അവരോട്ടുകൂടേ ചേർന്നു. അഞ്ചേർകാലികളെയും തെളിച്ചുകൊണ്ടായിരുന്നു പോക്ക്.

കാര്യങ്ങൾ നേരിൽ കണ്ടറിയാൻ ഒന്നാം കാര്യസ്ഥനായ അവറോന്നനും നെല്ല്യാട്ട് വയലിലേയ്ക്കു നടന്നു. നായനാർ പടിപ്പുരയിലിരുന്നു.

⋆ ⋆ ⋆

കാലികളും ആൾക്കാരും വരുന്നത് കണ്ണനാണ് ആദ്യം കാണാനിടയായത്.

“അതാ, വെര്ന്ന്,” അവർ പകച്ച് പറഞ്ഞു.

കോടിലോൻ അങ്ങോട്ടു നോക്കി.

“എരുതുകളെ കെട്ട്ടാ,” കോരൻ പുലയരോടു പറഞ്ഞു.

അവർ എരുതുകളെ നേരെ നിർത്തി നുകംവെച്ച് ഞേങ്ങോലു കെട്ടുകയായി.

കോരൻ വിത്തുകുട്ടയുമായി വയലിൽ മേൽവിത്തു കുട്ടാനിറങ്ങി.

കോടിലോൻ ഒരു കൊടുങ്കാറ്റുപോലെ ചീറിക്കൊണ്ട് കോരന്റെ നേർക്ക് കുതിച്ചു. വിത്തുകുടയോടൊപ്പം കോരൻ കണ്ടത്തിൽ മലർന്നടിച്ചുവീണു.

തോട്ടുവക്കിൽ നിന്ന്, കൈതകളുടേയും, കാട്ടെരുക്കുകളുടേയും മറവിൽ നിന്ന് കാലികൾ വയലുകളിൽ ചാടിയിറങ്ങി. അവയുടെ പിന്നിലെ ഉറുവാടന്റെ രാമനും മറ്റുള്ളവരും ഓടി. കാലികൾ

നിയന്ത്രണമില്ലാതെ വയലുകളിലൂടെ പായുന്നതും, കുറേ മനുഷ്യരൂപങ്ങൾ തന്റെ നേർക്ക് ഓടിയടുക്കുന്നതും കോടിലോൻ കണ്ടു.

★ ★ ★

അമ്മാമന്റെ നേർക്ക് ആളുകൾ പാഞ്ഞടുക്കുന്നതു കണ്ട് കണ്ണൻ നിലവിളിക്കാൻ പോലും മറന്നു. അവന്റെ കണ്ണുകളിൽ ഭീതിയുടെ പായൽ നിറഞ്ഞു. അവൻ അറിയാതെ ഞെങ്ങോലിൽ നിന്ന് പിടിവിട്ടു. എന്നിട്ടും പോത്തുകൾ അനങ്ങിയില്ല. വയലുകളിലങ്ങിങ്ങ് ചിറകൊതുക്കിച്ചികഞ്ഞു നടന്ന കൊക്കുകളും കാക്കകളും ഉറക്കെ കരഞ്ഞുകൊണ്ട് പറന്നു പൊങ്ങി. കാട്ടെരിക്കുകൾ കാറ്റിൽ വിറച്ചുലഞ്ഞു. കോടിലോന്റെ അടിയേറ്റ് രണ്ടുപേർ ചെളിയിൽ വീണു ഞെരങ്ങി. കാലുയർത്തിയും കൈകൾ വീശിയും അയാൾ മറ്റുള്ളവരോട് എതിരിട്ടു. അവരിൽ ചിലർ അടിതെറ്റി ചെളി വയലിൽ പിടഞ്ഞു വീഴുകയും എഴുന്നേറ്റ് വീണ്ടും ആക്രമണം തുടരുകയും ചെയ്തു. ഒരാൾ പിന്നിൽ നിന്ന് കോടിലോന്റെ ചുമലിൽ കുത്തി.

അവർ അമ്മാവനെ പൊതിഞ്ഞു നിന്ന്, കൈചുരുട്ടിയിടിക്കുന്നതു കണ്ട് കണ്ണൻ, വിരയ്ക്കുന്ന ഒച്ചയിൽ നിലവിളിച്ചു.

“അയ്യോ, അമ്മാവനെ കൊല്ലുന്നേ.” അവൻ. അവരുടെ നേർക്കോടി.

ഒരാൾ അവനെ വയറ്റത്ത് തൊഴിച്ച് വീഴ്ത്തി. അവൻ ചാടിയെണീറ്റ് പിന്നെയും അവരുടെ ഇടയിലേയ്ക്കു പാഞ്ഞു. ആരോ അവനെ വീണ്ടും പിടിച്ചുതള്ളി.

വീണുകിടക്കുമ്പോൾ അവൻ കണ്ടു. അമ്മാവൻ അവരുടെ നടുവിൽ കാലുതളർന്ന് മുഖംകുത്തി വീഴുകയാണ്.

“അമ്മാവനെ കൊല്ലല്ലേ” എന്ന് കരഞ്ഞുകൊണ്ട് അവൻ പിടഞ്ഞെണീറ്റു.

ഒരാൾ ഒരു തോർത്തുകൊണ്ട് കൊടിലോന്റെ കൈകൾ ചേർത്തു കെട്ടുമ്പോൾ മാലത്തിൽ കണ്ണൻ ദൂരെനിന്ന് ഓടിവന്നു. അയാളുടെ കൈയിലൊരു ചെറിയ കത്തിയുണ്ടായിരുന്നു. കോടിലോൻ അയാളെ തിരിച്ചറിഞ്ഞ് ഞെരങ്ങുംപോലെ വിളിച്ചു:

“കണ്ണാ, ഓടിവാ.”

നാലുപേർ കണ്ണന്റെ നേർക്ക് തിരിഞ്ഞുനിന്നു. കോരൻനമ്പ്യാർ പറഞ്ഞു:

“ജീവനും കൊണ്ട് തിരിച്ചുപോണംന്നുണ്ടെങ്കില് ഓടിക്കോ.”

അവിടെ നിന്ന് ഒന്നും ചെയ്യാൻ കഴിയില്ലെന്ന് കണ്ണന് ക്ഷണത്തിൽ ബോദ്ധ്യമായി. ഞെഞ്ചിടിപ്പേറി. എന്താണ് ചെയ്യുകയെന്ന് ഒരുനിമിഷം ആലോചിച്ചു. പിന്നെ, പതിനഞ്ചു നാഴിക അകലെയുള്ള പോലീസ് സ്റ്റേഷൻ ലക്ഷ്യമാക്കി. അതിവേഗത്തിൽ ഓടി.

വയലുകളും വടക്കും തെക്കും കരകളിലുള്ള വീടുകളിൽ നിന്ന് ആരെല്ലാമോ നോക്കുന്നുണ്ടായിരുന്നു. ആരും അവിടേക്ക് അടുക്കാൻ ധൈര്യപ്പെട്ടില്ല.

രണ്ടുപേർ ചേർന്ന് കോടിലോനെ വലിച്ചിഴച്ചു.

“പാതാറിന്റെ കല്ലിങ്ങെടുത്തുകൊണ്ട് വാടാ.” രാമൻനായർ പുലയരോട് പറഞ്ഞു.



കരിമ്പനും വെള്ളിപ്പലയനും ഓടിപ്പോയി. പാതാറിന്റെ കല്ലുകൾ ഇളക്കിയെടുത്തുകൊണ്ടുവന്നു.

കൊട്ടൻ കോടിലൊന്റെ തലപിടിച്ച് സർവേക്കല്ലിൽ വെച്ചു. കോരനും ഉർവാടന്റെ രാമനും ഓരോ കല്ലെടുത്ത് കോടിലോന്റെ മുഖത്തിനുനേരെ ഉയർത്തിപ്പിടിച്ചു.

കലക്കവെള്ളം പരന്ന കണ്ണുകൾകൊണ്ട് കോടിലോൻ അവ്യക്തമായി കണ്ടു. രണ്ടു കല്ലുകൾ.

കൃഷ്ണമണികൾ സ്ഫടികംപോലെ തിളങ്ങി.

ഒരുകല്ല് മൂക്കിനുമീതെ ആഞ്ഞമർന്നു. കോരൻ അതുയർത്തിയപ്പോൾ രാമൻ തന്റെ കയ്യിലുണ്ടായിരുന്ന കല്ലുകൊണ്ട് ഇടത്തേ കണ്ണിന് കുത്തി. ആ കണ്ണിലാകെ

കൽക്കഷ്ണങ്ങളും ചോരയും നിറഞ്ഞു. കോടിലോന്റെ മുഖം ആ ആഘാതത്തിൽ ഒരുവശത്തേക്ക് ചരിഞ്ഞു.

തോട്ടുവക്കിൽ കണ്ണട ധരിച്ച, ദീർഘകായനായ ഒരാൾ കുട തുറന്നുപിടിച്ച് ബിംബംപോലെ നിൽക്കുന്നതു കണ്ടു.

അമ്മാവനെ കൊല്ലരുതേ എന്ന് മരുമകൻ നിലവിളിക്കുന്നതു കേട്ടു.

ഇടത്തേ കവിളിൽ ഒരു കല്ലുകൂടി അമർന്നു. കണ്ണുകളിൽ, നെറ്റിയിൽ, കവിളിൽ, വായിൽ അവിടെയെല്ലാം കല്ലുകളമർന്നുകൊണ്ടിരുന്നു. മുഖമാകെ ചതഞ്ഞരഞ്ഞു. കോടിലോൻ തന്റെ മരണം ഈ വിധത്തിലാണല്ലോ എന്നോർത്തുകൊണ്ട് കിടന്നു പുളഞ്ഞു. വരണ്ടതൊണ്ട നനക്കാൻ ഒരിറ്റു വെള്ളത്തിനുവേണ്ടി നാവുനീട്ടി.

കുവകൊട്ടാൻ കൈക്കുടന്നയിൽ ചെളിവെള്ളം കോരിയെടുത്തു. അതങ്ങനെതന്നെ അയാളുടെ വായിലൊഴിച്ചുകൊടുത്തു. ചോരയും ചെളിവെള്ളവും ഒരുമിച്ചു കലർന്ന്, തൊണ്ടയിൽ നിറഞ്ഞു.

മരുമകൻ കണ്ണൻ പൊട്ടിക്കരഞ്ഞുകൊണ്ട് വയലുകളിലൂടെ പാഞ്ഞു-വെള്ളോറയിൽ പോയി കേളുവമ്മാവനെ വിവരമറിയിക്കാൻ. അവൻ വഴിനീളെ കരഞ്ഞു. അവന്റെ ശരീരമാസകലം ചെളിയായിരുന്നു. അവന്റെ നെഞ്ച് ഒരു അരയാലിലപോലെ വിറച്ചു. കരഞ്ഞുകൊണ്ട്, കിതച്ചുകൊണ്ട് അവനോടി.

മറ്റൊരു വഴിയിലൂടെ പോലീസ് സ്റ്റേഷനിലേക്കു മാളത്തിൽ കണ്ണനും ഓടിക്കൊണ്ടിരുന്നു. അയാളും കരയുകയായിരുന്നു. മനസ്സ് പ്രക്ഷുബ്ധമായിരുന്നു. വീഴുമെന്നു തോന്നിയിട്ടും ഒരിടത്തും നിൽക്കാതെ ഓടി.

സർവ്വേക്കല്ലിൽ ചാഞ്ഞുകിടക്കുന്ന മുഖത്ത് പിന്നേയും കല്ലുകളമർന്നു.

★ ★ ★

വെയിലേറ്റുകൊണ്ട്, നടുവയലിൽ ചതക്കപ്പെട്ട മുഖം ഒരു സർവ്വേക്കല്ലിൽ ചേർത്തുവെച്ച് അയാൾ കിടന്നു.

വയലുകളിൽ വേറെ ആരുമില്ല. എല്ലാവരും പൊയ്ക്കഴിഞ്ഞിരിക്കുന്നു. നാലുപോത്തുകൾ നുകം പേറി ചുരമാന്തിക്കൊണ്ട് നിന്നു. അവയെ ഊറ്റമായി ചാടിച്ച ശബ്ദം ഇപ്പോഴൊരു തളർന്ന ഞരക്കം പോലുമില്ല. കല്ലുകൾകൊണ്ട് കരുണയില്ലാതെ കുത്തിച്ചതച്ച മുഖം സർവ്വേക്കല്ലിൽ ചേർത്തുവെച്ച്, വയലുകൾക്കു നടുവിൽ, പൊരിവെയിലിൽ അയാൾ കിടന്നു.

തെങ്ങുകളുടെയും എരുക്കുകളുടെയും കണ്ണാവണക്കുകളുടെയും മറവിൽ-

ആരും അനങ്ങിയില്ല.

കൊത്തിവെച്ച പാവപൊലെ അവർ നിന്നു. അന്യോന്യം നോക്കാൻ പോലും അവർ ഭയപ്പെട്ടു.

മുഖത്ത് കുറ്റബോധവും നിസ്സഹായതയും അനുനിമിഷം പെരുകി. ഓടിയെത്തിയ പാട്ടിയമ്മ അവരുടെ അടുത്തായി മൂർച്ഛിച്ചു വീണു.

വയലുകൾക്കു നടുവിൽ, സർവ്വേക്കല്ലിൽ തല ചേർത്തുവെച്ച് അയാൾ കിടന്നു. കല്ലിലേയ്ക്ക് ചോര വാർന്നൊഴുകിക്കൊണ്ടിരുന്നു.

★ ★ ★

## സി.വി. ബാലകൃഷ്ണൻ



മലയാള സാഹിത്യ രംഗത്തെ പ്രമുഖനായ ചെറുകഥാകൃത്തും നോവലിസ്റ്റുമാണ് സി.വി. ബാലകൃഷ്ണൻ. "ആത്മാവിനു ശരിയെന്നു തോന്നുന്ന കാര്യങ്ങൾ" എന്ന നോവലിനു 2000-ലെ മികച്ച നോവലിനുള്ള കേരളസാഹിത്യ അക്കാദമി പുരസ്കാരം ലഭിച്ചു. സാഹിത്യരംഗത്തെ സമഗ്രസംഭാവനയ്ക്കുള്ള മുട്ടത്ത് വർക്കി പുരസ്‌കാരം 2013 ൽ ലഭിച്ചു. പത്മപ്രഭാ പുരസ്‌കാരം 2014 ലും. 'ആയുസ്സിന്റെ പുസ്തകം' തമിഴ് ഭാഷയിൽ, "ഉയിർ പുത്തഗം" എന്ന പേരിൽ മൊഴിമാറ്റം ചെയ്യപ്പെട്ടിട്ടുണ്ട്. ഇതിന്റെ നാടകാവിഷ്കരണം സംഗീത നാടക അക്കാദമിയുടെ അമച്വർ നാടകോത്സവത്തിൽ അഞ്ചു പുരസ്കാരങ്ങൾ നേടി. ചലച്ചിത്രങ്ങൾക്ക് തിരക്കഥയും രചിക്കാറുണ്ട്

ഉപരോധം, ആത്മാവിനു ശരിയെന്നു തോന്നുന്ന കാര്യങ്ങൾ, ആയുസ്സിന്റെ പുസ്തകം, കണ്ണാടിക്കടൽ, കാമമോഹിതം, ഒഴിയാബാധകൾ തുടങ്ങിയ പ്രധാന നോവലുകൾ.

**വിലാസം**

ദിശ, പിലിക്കോട്, കസർഗോഡ് ജില്ല, പിൻ: 671353

Email: cvbalakrishnandisa@gmail.com

Phone: 9446016590